
# പുതുജീവൻ തേടുന്ന ഖാദി

**ജൂലി കരിയപ്പ**



ഖാദി അതിന്റെ ഏറ്റവും അടിസ്ഥാനരൂപത്തിൽ കൈകൊണ്ട് നൂൽ നൂറ്റുണ്ടാക്കുന്ന വസ്ത്രമാണ്. കാലങ്ങളായി ഇത് ഭാരതീയ ജനതയുടെ നാനാവിധ അഭിരുചി പ്രകടനങ്ങളുടെ ചിഹ്നമായി ഭവിച്ചിട്ടുണ്ട്. ഈ പ്രകടനസ്വാതന്ത്ര്യമാണ് നമ്മളെ സാമ്രാജ്യത്വ ശക്തികളുടെ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കാനുള്ള ഏക മാർഗ്ഗമെന്ന് ഗാന്ധിജി മനസ്സിലാക്കിയിരുന്നു. ബ്രിട്ടീഷുകാരുടെ പരുത്തി വ്യാപാരത്തിന്റെ കോളനിവൽക്കരണത്തിനു മുമ്പ് ഇന്ത്യൻ വസ്ത്രങ്ങൾക്ക് അതിന്റെ വർണ്ണാഭകൊണ്ടും ഈടുകൊണ്ടും ആഗോളതലത്തിൽ ധാരാളം ആവശ്യക്കാർ ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഇതിന്റെ ക്രമമായ നാശം ഭാരതത്തിന്റെ പൂർണ്ണനാശത്തിനും കീഴ്പ്പെടലിനും ആവശ്യമായി ഭവിച്ചു

സ്വാതന്ത്ര്യസമര പോരാട്ടത്തിന്റെ തീപ്പൊരിക്കിടയിലും ഇന്ത്യൻ സമൂഹത്തിന്റെ

സാമ്പത്തികഘടനയിൽ ഖാദി അതിന്റെ നഷ്ടപ്പെട്ട സ്ഥാനം വീണ്ടെടുത്തില്ല. സ്വാതന്ത്ര്യാനന്തരഭാരതത്തിന്റെ നേതൃത്വവും ഖാദി വ്യവസായത്തിന്റെ ഗുണങ്ങളേയും ദൂരവ്യാപക ഘടകങ്ങളേയും മനസ്സിലാക്കിയില്ല. സമ്പദ് വ്യവസ്ഥയുടെ വികസനത്തിന് ഒരു നിർണ്ണായക ഘടകമായി വർത്തിക്കുന്നതിനു പകരം ഖാദിവ്യവസായം രാഷ്ട്രീയമായി നേട്ടമുള്ളതും സാമ്പത്തികമായി സ്വീകാര്യമല്ലാത്തതുമായ ഒരവസ്ഥയിലേക്ക് താഴ്ത്തപ്പെട്ടു. മാൻചസ്റ്റർ മില്ലുകളിൽ ആരംഭിച്ച കഥ ഇന്നും തുടരുന്നു.

ഖാദിയുടെ ഉറവിടം ഭാരതത്തിന്റെ വയലേലകളാണ്. ഇന്ത്യക്ക് ഒരു കാലത്ത് വലിയൊരളവിൽ പരുത്തിയുടെ ഖനദ്രവ്യശേഖരം ഉണ്ടായിരുന്നു. ലോകവ്യാപാരത്തിന്റെ അടിസ്ഥാനവും ഇതായിരുന്നു. ലോകത്തിലെ ആദ്യത്തെ ആഗോള ഉപഭോഗവസ്തു ഇന്ത്യൻ തുണിത്തരങ്ങളാണെന്നുള്ളത് ഓർമ്മിക്കേണ്ടിയിരിക്കുന്നു. ഈ പാരമ്പര്യ പരുത്തിത്തരങ്ങൾ ഏതു കാലാവസ്ഥയുമായി ഇണങ്ങിച്ചേരുന്നതായിരുന്നു.

> **ഖാദിയുടെ മരണമണി മുഴക്കുന്നതിൽ നമുക്കോരോരുത്തർക്കുമുണ്ട് പങ്ക്. ഖാദി വിലയേറിയതാണെന്ന് നമ്മൾ കരുതുന്നു. എന്നാൽ നമ്മുടെ വിലയിരുത്തൽ ഏതടിസ്ഥാനത്തിലാണ്?**

പരുത്തി ഒറ്റയ്ക്ക് കൃഷി ചെയ്യേണ്ട ആവശ്യമില്ല. ഇത് മറ്റു ധാന്യങ്ങൾക്കും പച്ചക്കറികൾക്കുമൊപ്പം കൃഷി ചെയ്ത് ഭക്ഷ്യസുരക്ഷിതത്വത്തിനും കൂടി നിദാനമാകുന്നതാണ്. പരുത്തി വളരുന്ന പ്രദേശം മഴയെ മാത്രം ആശ്രയിച്ച് കഴിയുന്നതാണ്. ഇതിന്റെ ഫലമായി വലിയൊരു വിഭാഗം ജനങ്ങളും കുറേയധികം ദിവസം തൊഴിൽരഹിതരായി കഴിച്ചുകൂട്ടേണ്ടതായി വരുന്നുണ്ട്. ഗ്രാമീണതലത്തിൽ ഉപയോഗിക്കാവുന്ന പരുത്തിത്തരങ്ങൾ ഉല്പാദിപ്പിച്ചാൽ ഈ സാമൂഹ്യ-സാമ്പത്തിക ധർമ്മസങ്കടം അനായാസമായി തരണം ചെയ്യാവുന്നതാണ്.

മനസ്സാക്ഷിയില്ലാത്ത മദ്ധ്യവർത്തികളെ കുറക്കാമെന്നുമുള്ള ഗുണവുമുണ്ട്. വൃദ്ധരും അവശരുമടക്കം എല്ലാവർക്കും ഖാദിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ തൊഴിൽ ചെയ്യാവുന്നതാണ്. നൂൽ നൂറ്റതും നെയ്തതുമായ വസ്ത്രങ്ങൾ ഇന്ത്യക്കാർക്ക് വലിയ ലാഭത്തിൽ വിറ്റിരുന്ന ബ്രിട്ടീഷ് ഫാക്ടറികളുടെ സ്ഥാനത്ത് ഇന്ന് ഇന്ത്യൻ ഗവൺമെന്റ് അസംസ്കൃത പരുത്തി കയറ്റി അയക്കുകയോ വലിയ വ്യവസായ സ്ഥാപനങ്ങൾക്ക് അനുമതി കൊടുക്കുകയോ ചെയ്യുന്നു. ഇന്ത്യയിൽ വളരേണ്ട പരുത്തിത്തരങ്ങൾ ഏതെന്ന് ഈ സംഘം നിശ്ചയിക്കുന്നു. കർഷകർക്ക് ന്യായമായ ഒരു വില ലഭിക്കുന്നതിന് ഇത് സ്വീകാര്യമായിരുന്നു. എന്നാൽ പരുത്തി വ്യവസായികൾ നിശ്ചയിച്ചിരിക്കുന്ന വില മൊത്തവ്യാപാര വിലയേക്കാൾ വളരെ കുറവാണെന്നതാണ് അടിസ്ഥാന വസ്തുത.

ഭൂഷിതവലയം അവിടംകൊണ്ടും അവസാനിക്കുന്നില്ല. കയറ്റുമതി ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ പരിസ്ഥിതിയെ അവതാളത്തിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൽ ഉപയോഗിക്കുന്ന കീടനാശിനി ഇന്ത്യയുടെ മൊത്തം കീടനാശിനി ഉപയോഗത്തിന്റെ 60%ത്തിൽ കൂടുതലാണ്. അടുത്ത കാലത്തായി കീടങ്ങൾ ഇതിനെതിരെ പ്രതിരോധം നേടിയിട്ടുമുണ്ട്. അതോടെ കർഷകർ സ്വന്തം വലയിൽപ്പെട്ട എട്ടുകാലിയെപ്പോലെയാണ്. വരും തലമുറകൾക്കുള്ള ഭൂമിയുടെ ഫലഭൂയിഷ്ഠത നശിപ്പിച്ചുകൊണ്ട് ഇവർ കൂടുതൽ ദരിദ്രരാകുകയാണ്.

ഖാദിയുടെ അന്ത:സത്ത മറ്റുപ്രകാരങ്ങളിലൂടെയും വികൃതമായിക്കൊണ്ടിരിക്കുന്നു. ഇന്ന് നമ്മൾ ധരിക്കുന്ന ഖാദി,മാരകമായ കൃത്രിമ ചായങ്ങൾ പിടിപ്പിച്ചതുമാണ്. വളരെയധികം വികസിച്ച സസ്യച്ചായങ്ങൾ ഉപയോഗിച്ച്കൊണ്ടുള്ള നിറം കൊടുക്കൽ എന്ന കല ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. പൗരാണികമായ ഈ കലയിൽ പ്രാവീണ്യം നേടിയ ആയിരക്കണക്കിനു കുടുംബങ്ങൾ നിരാലംബരായിക്കൊണ്ടിരിക്കുന്നു.

സഹകരണ ഘടനയുടെ തെറ്റില്ലാത്ത മാതൃകയാണ് ഖാദി. നിർഭാഗ്യവശാൽ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ ഈ ബന്ധത്തിന് വിഘാതമാകുന്നു. ഖാദി സഹകരണ സംഘത്തിന് ഇതിന്റെ നിർമ്മാണത്തിന്റെ വിവിധ വശങ്ങളെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ വളരെ ദുർബലമാണ്. ഉത്പാദകർ, നിർമ്മാണപ്രക്രിയക്കാർ, നൂൽനൂൽപ്പുകാർ, ചായത്തേപ്പുകാർ, നെയ്ത്തുകാർ എന്നിവർ ഒരുമിച്ച് ജോലിയെടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നില്ല. വാസ്തവത്തിൽ നൂൽനൂൽപ്പുകാർക്ക് വിതരണം ചെയ്യുന്ന സാക്ഷ്യപ്പെടുത്തിയ പരുത്തി ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷന്റെ കേന്ദ്രവിതരണ വിഭാഗത്തിൽ നിന്നും വിതരണം ചെയ്യുന്നതാണ്. ആ പ്രദേശത്തെ ഉല്പാദകരിൽ നിന്നും ഒരിക്കലും പരുത്തി വരുന്നില്ല. ഇത് സമൂഹത്തിന്റെ അവബോധത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. പുതുമയാർന്നതും നാനാവിധത്തിലുള്ളതുമായ ഖാദി ഉല്പാദിപ്പിക്കാനുള്ള പ്രേരകം സബ്സീഡിയാൽ നിയന്ത്രിതമായ ഉല്പാദനത്താൽ നശിപ്പിക്കപ്പെട്ടു. പാപ്പരായ സംസ്ഥാന സർക്കാരുകൾ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷന് ലക്ഷങ്ങളുടെ കടങ്ങൾ വരുത്തിവെച്ചത് ഖാദി മേഖലയിലെ തൊഴിലാളികളെ വഴിയാധാരമാക്കി.

എന്നാൽ ദുരന്തം ഇവിടംകൊണ്ട് തീരുന്നില്ല. ഖാദിയുടെ മരണമണി മുഴക്കുന്നതിൽ നമുക്കോരോരുത്തർക്കുമുണ്ട് പങ്ക്. ഖാദി വിലയേറിയതാണെന്ന് നമ്മൾ കരുതുന്നു. എന്നാൽ നമ്മുടെ വിലയിരുത്തൽ ഏതടിസ്ഥാനത്തിലാണ്? വിലകുറവിന്റെ പേരിൽ യന്ത്രത്തറികളിൽ നെയ്ത വസ്ത്രങ്ങൾ വാങ്ങുമ്പോൾ ദരിദ്രരായ, ഭാവനാസമ്പന്നരായ ചെറുകിട കൈവേലക്കാരെ ദുരിതത്തിലാഴ്ത്തുക മാത്രമല്ല നമ്മൾ ചെയ്യുന്നത്; വിഷലിപ്തമായ ആഹാരത്തിനും വെള്ളത്തിനും വായുവിനും വഴിയൊരുക്കുക കൂടിയാണ്. ഒപ്പം, നമ്മുടെ പൈതൃകം ബലി കഴിക്കാനുള്ള സന്ദേശം നമ്മുടെ കുട്ടികളുടെ ഭാവിക്കും പകർന്നുനൽകുന്നു.

ഈ വിഷമസന്ധിക്ക് ഒരു പരിഹാരമാർഗ്ഗം കണ്ടേപറ്റൂ. ഖാദി ഭാവിയിലെ ഭൂരിഭാഗം ഭാരതീയർക്കും ഉള്ള ഒരു ശക്തിയായി രൂപപ്പെടണം. ഇത് സംഭവ്യമാക്കുവാൻ വ്യക്തികളുടെ നിത്യജീവിതത്തിൽ നിന്നുതന്നെ പ്രവർത്തനമാരംഭിക്കണം. പൊലിമ കുറഞ്ഞതും ഉപയോഗപ്രദമാണെന്ന ഒരു സംതൃപ്തി ഉണ്ടായിരിക്കണം. എങ്കിൽ എല്ലാ കാലത്തേക്കും ഗ്രാമീണ സമ്പദ് മേഖലയ്ക്ക് ഒരു പുതുജീവൻ പ്രദാനം ചെയ്യാൻ ഇതിനു കഴിയും.എങ്കിൽ ഒരു പുത്തൻ യുഗത്തിലേക്ക് നമ്മളെ നയിക്കുവാൻ ഖാദിക്ക് സാധിക്കും. പക്ഷെ നമ്മൾ ഒരവസരം കൊടുക്കണം.

---

**മൈസൂരിൽ 20 ഏക്കർ ഭൂമിയിൽ ഭർത്താവ് വിവേക് കരിയപ്പയുമൊത്ത് രാസവളവും കീടനാശിനിയും ഉപയോഗിക്കാതെ കൃഷി ചെയ്ത് വരികയാണ് ലേഖിക.**

**തർജ്ജമ:പ്രമോദ് എ. എസ്**